മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 5

# വാർത്താക്കുറിപ്പ്

---

## ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കാനുള്ള നീക്കം അവസാനിപ്പിക്കണം - അക്കാദമിക് കൗൺസിൽ

ഭാഷാ വൈവിധ്യങ്ങളെ പൂർണമായും തമസ്കരിച്ചുകൊണ്ട് രാജ്യമൊട്ടാകെ ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കാനായി കേന്ദ്ര സർക്കാർ നടത്തുന്ന നീക്കങ്ങൾ അവസാനിപ്പിക്കണമെന്ന് മഹാത്മാ ഗാന്ധി സർവ്വകലാശാല അക്കാദമിക്ക് കൗൺസിൽ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

അക്കാദമിക്ക് കൗൺസിൽ അംഗം എ. നിഷാന്ത് പ്രമേയം അവതരിപ്പിച്ചു. നിർദ്ദിഷ്ട പ്രൊഫസർ ഓഫ് പ്രാക്ടീസ് സർവകലാശാലകളിലും കോളേജുകളിലും വിശദമായ ചർച്ചകൾക്കു ശേഷം മാത്രമേ  നടപ്പിലാക്കാവൂ എന്ന പ്രമേയവും അക്കാദമിക്ക് കൗൺസിൽ അംഗീകരിച്ചു.

അടുത്ത അധ്യയന വർഷം മുതൽ പുതുക്കിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്താനുള്ള  നിർദ്ദേശത്തിനും അംഗീകാരം നൽകി. വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ./39/1579/2022)

## ഫാക്കൽറ്റി ഡവലപ്മെൻറ് പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാല പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും സയൻസ് അധ്യാപകർക്ക് ആറു ദിവസത്തെ ഫാക്കൽറ്റി ഡവലപ്മെൻറ് പ്രോഗ്രാം (എഫ്.ഡി.പി.) ഈ മാസം 14 മുതൽ 19 വരെ നടത്തുന്നു.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 11. അനുബന്ധ വിവരങ്ങൾ സർവകലാശാലയുടെ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1580/2022)

## വാക്-ഇൻ-ഇന്റർവ്യൂ മാറ്റിവച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ്സ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിൽ (ബി.ഐ.ഐ.സി) ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ (ടി.ബി.ഐ.) മാനേജർ തസ്തികയിൽ നിയമനത്തിനായി നവംബർ എട്ടിന് നടത്തുവാനിരുന്ന വാക്-ഇൻ-ഇന്റർവ്യൂ നവംബർ പത്തിലേക്ക് മാറ്റി.  ഉച്ചയ്ക്ക് 12 നാണ് ഇന്റർവ്യൂ.

(പി.ആർ.ഒ./39/1581/2022)

## പരീക്ഷാ ടൈംടേബിൾ പരിഷ്കരിച്ചു

നവംബർ 10 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. സിറിയക്ക് (2021, 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി,ഇംപ്രൂവ്മെൻറ് - പ്രൈവറ്റ് രജിസ്ട്രേഷൻ നവംബർ 2022) ബിരുദ പരീക്ഷയിൽ കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1582/2022)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.സി.എ(സി.ബി.സി.എസ്.എസ്. - 2016,2015, 2014 അഡ്മിഷനുകൾ സപ്ലിമെൻററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ സോഫ്റ്റ്‌വെയർ ലാബ് - 3 പ്രാക്ടിക്കൽ പരീക്ഷ നവംബർ ഏഴിന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1583/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൻറെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് 2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ സപ്ലിമെൻററി - ജൂൺ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 19 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

..................

മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ. മലയാളം, എം.എ. പൊളിറ്റിക്കൽ സയൻസ് (2019 അഡ്മിഷൻ - സെപ്റ്റംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 19 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1584/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**